KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 04/12/2023

**സർക്കുലർ നമ്പർ 45/2023 (BD)** (അനുബന്ധം)

വിഷയം: KDC 2.0 ക്യാമ്പയിൻ - വാർഷിക ചിട്ടി ലക്ഷ്യത്തേക്കാൾ അധികം ചിട്ടി ബിസിനസ്സ് ചെയ്യുന്നവർക്കുള്ള പ്രോത്സാഹനം സംബന്ധിച്ച്.

സൂചന: സർക്കുലർ നമ്പർ 45/2023 (BD) തീയതി 09/10/2023.

KDC 2.0 ക്യാമ്പയിന്റെ മേൽ സൂചന സർക്കുലർ പ്രകാരം മേഖലകൾക്കും ശാഖകൾക്കും നൽകിയിട്ടുള്ള വാർഷിക ലക്ഷ്യത്തേക്കാൾ അധികം ചിട്ടി ബിസിനസ്സ് ചെയ്യുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനങ്ങൾ നൽകുമെന്ന് അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 31/01/2024 നകം അധിക ബിസിനസ്സ് ചെയ്യുന്ന മേഖലകൾക്കും ശാഖകൾക്കും താഴെപ്പറയുന്ന രീതിയിൽ സമ്മാനങ്ങൾ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

**ശാഖകൾക്കുള്ള സമ്മാനങ്ങൾ**

1. വാർഷിക ലക്ഷ്യത്തേക്കാൾ 5 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ അധിക സല ലഭ്യമാകും വിധം ബിസിനസ്സ് ചെയ്യുന്ന ശാഖകൾക്ക് അധിക സലയുടെ 0.5% നിരക്കിൽ പ്രോത്സാഹന സമ്മാനം ലഭിക്കുന്നതാണ്. ഉദാ: വാർഷിക ലക്ഷ്യത്തേക്കാളും 30 ലക്ഷം രൂപ അധികം ചിട്ടി ബിസിനസ്സ് ചെയ്യുന്ന ശാഖയ്ക്ക് 15,000/- രൂപ സമ്മാനമായി ലഭിക്കുന്നു.
2. വാർഷിക ലക്ഷ്യത്തേക്കാൾ 50 ലക്ഷം രൂപയിൽ അധികം ചിട്ടി ബിസിനസ്സ് ചെയ്യുന്ന ശാഖകൾക്ക് അധികം ചെയ്യുന്ന സലയുടെ 1% നിരക്കിൽ പ്രോത്സാഹന സമ്മാനം ലഭിക്കുന്നതാണ്. ഉദാ: വാർഷിക ലക്ഷ്യത്തേക്കാളും അധികം 60 ലക്ഷം രൂപ ചിട്ടി ബിസിനസ്സ് ചെയ്യുന്ന ശാഖയ്ക്ക് 60,000/- രൂപ സമ്മാനമായി ലഭിക്കുന്നു.
3. വാർഷിക ലക്ഷ്യത്തേക്കാൾ കുറഞ്ഞത് 5 ലക്ഷം രൂപയുടെ അധിക ചിട്ടി ബിസിനസ്സ് ചെയ്യുന്ന ശാഖകൾക്ക് മാത്രമേ പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കുകയുള്ളു.

**മേഖലകൾക്കുള്ള സമ്മാനം**

1. വാർഷിക ലക്ഷ്യത്തേക്കാളും 3 കോടി രൂപയുടെ അധിക ചിട്ടി ബിസിനസ്സ് കൈവരിക്കുന്ന മേഖലകൾക്ക് 10,000/- രൂപ വീതം പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
2. മേഖലയുടെ വാർഷിക ലക്ഷ്യത്തേക്കാളും 3 കോടി രൂപയുടെ അധിക ചിട്ടി ബിസിനസ്സ് കൈവരിക്കുന്ന മേഖലകളെ മാത്രമേ പ്രോത്സാഹന സമ്മാനത്തിന് പരിഗണിക്കുകയുള്ളു.

സമ്മാനത്തുക Sales Promotion and Publicity Account (code 289) ൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. **എല്ലാ മേഖലാ ഓഫീസുകൾക്കും**
2. **എല്ലാ IAD ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും**
3. **MD യുടെ PA**
4. **ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും**
5. **എല്ലാ SDT ഓഫീസുകൾക്കും**
6. **സർക്കുലർ ഫയൽ**